79

**കേരള സർക്കാർ**
**സംഗ്രഹം**

പിന്നോക്ക സമുദായ വികസനം - മലബാറിലെ പരവൻ സമുദായക്കാരെ (Paravans of Malabar area) S.E.B.C (Socially and Educationally Backward Classes) ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(കൈയ്യെഴുത്ത്) നം.03/2017/പിസവിവ. തീയതി, തിരുവനന്തപുരം, 23.03.2017.

---

പരാമർശം:
1. 02.05.1966 -ലെ ജി.ഒ.(പി)നം. 208/1966/ഇ.ഡി.എൻ.
2. കേരള പരവൻ സർവ്വീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് എ. തുളസീധരൻ സമർപ്പിച്ച 26.03.2014 -ലെ KPSS/CF/90/2014 നമ്പർ നിവേദനം.
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ 21.05.2015 -ലെ 18/എ 5/2015/കെ.ടി.എം/കെ.എസ്.സി.എസ്.സി.എസ്.ടി നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സമുദായമാണ് പരവൻ സമുദായം. എന്നാൽ കാസർഗോഡ് താലൂക്ക് ഒഴികെയുള്ള മലബാറിലെ പരവൻ സമുദായത്തെ (Paravans of Malabar area excluding Kasaragod Taluk) ഇപ്പോഴും എസ്.ഇ.ബി.സി (SEBC) ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം അർഹരായ നിരവധി വിദ്യാർത്ഥികൾക്ക് പട്ടികജാതിയുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്നയവസ്ഥയുള്ളതിനാൽ പരവൻ സമുദായത്തെ പൂർണ്ണമായും എസ്.ഇ.ബി.സി (SEBC) ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കേരള പരവൻ സർവ്വീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു.

2. കേന്ദ്രസർക്കാർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓർഡേഴ്സ് (അമെന്റ്മെന്റ്) ആക്ട്, 1976 (നം. 108/1976) (Scheduled Castes Scheduled Tribes Orders (Amendment) Act, 1976, No. 108/1976) പ്രകാരം സംസ്ഥാനമൊട്ടാകെയുള്ള പരവൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി അമെന്റ്മെന്റ് ആക്ടിന്റെ വെളിച്ചത്തിൽ പ്രാദേശിക ഭേദമില്ലാതെ സംസ്ഥാനമൊട്ടാകെയുള്ള പരവൻമാരെ പട്ടികജാതിയായി പരിഗണിക്കണമെന്ന് പരാമർശം (3) -ലൂടെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എസ്.ഇ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മലബാറിലെ പരവൻ സമുദായക്കാരെ (Paravans of Malabar area) എസ്.ഇ.ബി.സി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. വേണു വി**
**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

To

രജിസ്ട്രാർ

മഹാത്മാഗാന്ധി സർവകലാശാല

തീയതി : 10/08/2017

പുറത്തെഴുത്ത് നം.4906/എ.3/2/2017/ഭ.വി.

മിനിറ്റ്സ് ഇനം നം.149/17.08/171578 തീയതി 07/07/2017 അനുസരിച്ച് 23/03/2017 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.03/2017/പി.സ.വി.വ തീയതി 23/03/2017 മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)
രജിസ്ട്രാർക്കു വേണ്ടി

1) എല്ലാ വിഭാഗങ്ങളും/ഡിപ്പാർട്ട്മെൻറുകളും/സെൻററുകളും.
2) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3) രജിസ്ട്രാർ/എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
4) എഡി എ I/എ II/ എ IV/ എ V/ഓഡിറ്റ്./ എസി എ I / എഡി എ VII
5) ജോയിൻറ് ഡയറക്ടർ, .
കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
മഹാത്മാഗാന്ധി സർവകലാശാല
6) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.)/എ.സി.സി.സെക്ഷൻ
7) പി.ആർ.ഒ./സി.എം.എസ്.
(വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
8) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ.
9) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/1/2013/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ